மாத்ரு பூமி . ஜூன் . 15 . 2008

# ജോലി ബസ്കണ്ടക്ടർ; നട്ടത് 56,000 മരങ്ങൾ

എം.ബി. ബാബു

**കോയമ്പത്തൂർ:** മരുതമല-ചേരന്മാനഗർ റൂട്ടിലോടുന്ന തമിഴ്നാട് ഗതാഗതകോർപറേഷന്റെ 92-ാം നമ്പർ ബസ്സിലെ കണ്ടക്ടർ എം. യോഗനാഥനെ ചിലരെങ്കിലും തിരിച്ചറിഞ്ഞിരിക്കും. കാക്കി വസ്ത്രവും തോൾബാഗുമായി ഡ്യൂട്ടിക്കെത്തുന്ന യോഗനാഥന്റെ കൈയിൽ എപ്പോഴും ഒന്നുരണ്ട് മരത്തൈകളുണ്ടാവും. ചില്ലുകുപ്പികളിൽ നിറച്ച് വെള്ളവും. ബസ് റൂട്ടുകളിൽ നട്ടുനനച്ചുവളർത്താനുള്ളതാണ് ചെടിയും വെള്ളവും.

തമിഴ്നാടൊട്ടുക്കുള്ള ഔദ്യോഗിക ജീവിതയാത്രയിൽ യോഗനാഥൻ നട്ടുവളർത്തിയത് 56,000 മരങ്ങൾ. വിശിഷ്ടസേവനം മാനിച്ച് എർത്ത് മാറ്റേഴ്സ് ഫൗണ്ടേഷൻ ബസ്കണ്ടക്ടറായ ഈ പ്രകൃതിസ്നേഹിക്ക് സമ്മാനിച്ചത് എർത്ത് എക്കോ വാരിയർ 2008 പുരസ്കാരം. പ്രകൃതിസംരക്ഷണത്തിനുള്ള ഈ പുരസ്കാരം ആദ്യം നേടുന്ന ദക്ഷിണേന്ത്യൻ എന്ന ബഹുമതിക്കൊപ്പം തമിഴ്നാട് പബ്ലിക് സർവീസ് കമ്മീഷന്റെ മത്സരപരീക്ഷകളുടെ ചോദ്യാവലിയിൽ യോഗനാഥന്റെ പേര് ഉത്തരമായി വരുന്ന ചോദ്യവും സ്ഥാനംപിടിച്ചു.

തഞ്ചാവൂരിലെ മയിലാടുംതുറൈയിൽ ജനിച്ച് പ്ലസ്ടു വിദ്യാഭ്യാസം കോത്തഗിരിയിൽ പൂർത്തിയാക്കി ബസ്കണ്ടക്ടറായി ഔദ്യോഗികജീവിതം നയിക്കുന്ന പ്രകൃതിസ്നേഹി.

കോത്തഗിരിയിൽ പ്ലസ്ടു പഠിക്കുമ്പോഴാണ് മരങ്ങളോടുള്ള സ്നേഹം തുടങ്ങിയത്. കാടുകളിൽ നിന്ന് ശേഖരിക്കുന്ന മരത്തൈകൾ സ്കൂൾമുറ്റത്ത് നട്ടുകൊണ്ടായിരുന്നു തുടക്കം. പിന്നീടിതൊരു ഹരമായി. പോകുന്നിടങ്ങളിലെല്ലാം മരംനട്ടു. വെള്ളമൊഴിച്ചുപരിപാലിക്കാനാവുമെന്ന് വിശ്വാസമുള്ളിടത്തുമാത്രമാണ് മരംനട്ടത്.

തിങ്കളാഴ്ചകളിലെ ഒഴിവുദിനങ്ങൾ സ്കൂളുകളിലെത്തി പരിസ്ഥിതി ബോധവത്കരണത്തിനുപയോഗിച്ചു യോഗനാഥൻ. അങ്ങിനെ സ്കൂൾമുറ്റങ്ങളിലും മരങ്ങൾ വളർന്നു. വിദ്യാർഥികൾ പരിപാലകരായി. തമിഴ്നാട്ടിലുടനീളമുള്ള 1690 സ്കൂളുകളിൽ പരിസ്ഥിതി പഠനക്ലാസുകളെടുത്തിട്ടുണ്ട് യോഗനാഥൻ. പാലക്കാട്ടെ പരിസ്ഥിതി സ്നേഹിയായ ശങ്കരൻ സമ്മാനിച്ച പരിസ്ഥിതി ബോധവത്കരണ സ്ലൈഡുകളുമായാണ് യോഗനാഥന്റെ ക്ലാസ്സെടുക്കൽ. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ ഉപരാഷ്ട്രപതി ഹമീദ് അൻസാരി യോഗനാഥന് എർത്ത് എക്കോവാരിയർ 2008 പുരസ്കാരം സമ്മാനിച്ചു.



യോഗനാഥൻ

ഈ പുരസ്കാരം ഈ വർഷം നേടിയ 14 പേരിൽ ശാസ്ത്രജ്ഞനോ ഐ.എഫ്.എസ്. കാരനോ അല്ലാത്ത ഏകയാൾ യോഗനാഥനാണെന്നതും ശ്രദ്ധേയമാണ്. കോയമ്പത്തൂർ ശിവാനന്ദകോളനിയിലാണ് താമസം. ഭാര്യ വളർമതി. മക്കൾ: പ്ലസ്ടു വിദ്യാർഥിനി മോനിഷ, ആറാംക്ലാസ് വിദ്യാർഥിനി സത്യപ്രിയ.

15.6.08 2nd Page